# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മാർച്ച് 07 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## ചേലക്കരയെ നെല്ല് സംഭരണത്തിന്റെയും പച്ചക്കറി വിപണനത്തിന്റെയും കേന്ദ്രമാകും - മന്ത്രി വി.എസ് സുനിൽകുമാർ

ചേലക്കരയെ നെല്ല് സംഭരണത്തിന്റെയും പച്ചക്കറി വിപണനത്തിന്റെയും കേന്ദ്രമാക്കി മാറ്റുമെന്ന് കൃഷി മന്ത്രി വി.എസ് സുനിൽകുമാർ പറഞ്ഞു. പ്രളയാനന്തരം കാർഷിക മേഖലയിൽ കുട്ടനാട്ടിൽ 40 ശതമാനം വർദ്ധനവ് ഉണ്ടയെങ്കിലും മറ്റ് മേഖലയിൽ വലിയ നഷ്ടമാണ് സംസ്ഥാനത്തുണ്ടായത്. നഷ്ടം നികത്താനും പോയവ വീണ്ടെടുത്ത് സംരക്ഷിക്കാനുമുള്ള പ്രവർത്തനങ്ങളാണ് കേരളത്തിൽ നടന്ന് കൊണ്ടിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ ഐ ഡി എഫ് 25 പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രളയം മൂലം മേൽമണ്ണിന്റെ 'ജൈവികത നഷ്ടപ്പെട്ടത് കാർഷിക മേഖലയ്ക്ക് വലിയ വെല്ലുവിളിയായെന്നും മന്ത്രി പറഞ്ഞു.

റിബീൽഡ് കേരള പദ്ധതയിൽ മറ്റ് വികസന പ്രവർത്തനങ്ങളേക്കാൾ പ്രധാന്യം നൽകിയിരിക്കുന്നത് മണ്ണ് ജല സംരക്ഷണത്തിനാണ് ' ഇതിന് വേണ്ടിയാണ് 60 ശതമാനവും റീബിൽഡ് കേരളയിൽ ചെലവഴിച്ചിരിക്കുന്നതെന്നും മന്ത്രി വി.എസ് സുനിൽകുമാർ അറിയിച്ചു.

ഗായത്രി പുഴ സമഗ്ര നീർത്തട പദ്ധതി, കുഴിയാം പടം തെക്കേ കൊണ്ടാഴി നീർത്തടം പദ്ധതി എന്നിവയും മന്ത്രി ഉദ്ഘാടനം ചെയ്തു.

മണ്ണുപര്യവേക്ഷണം മണ്ണുസംരക്ഷണ വകുപ്പിൻ കീഴിൽ നബാർഡിന്റെ ധനസഹായത്തോടെ ആർ ഐ ഡി എഫ് 25 ൽ ഉൾപ്പെടുത്തി പഴയന്നൂർ ബ്ലോക്കിലെ കൊണ്ടാഴി പഞ്ചായത്തിൽ ഉൾപ്പെട്ട കുഴിയാൻ പാടം തെക്കേ കൊണ്ടാഴി നീർത്തട പ്രവർത്തനങ്ങൾക്കായി 77.99 ലക്ഷം ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. ജില്ലയിൽ രണ്ട് പ്രോജക്കുകൾക്കാണ് അംഗീകാരം ലഭിച്ചത്. 651.75 ഹെക്ടർ പ്രേദേശത്ത് പ്രയോജനം ലഭിക്കുന്ന കുഴിയാന പടം തെക്കേ കൊണ്ടാഴി നീർത്തടത്തിൽ കൊണ്ടാഴി പഞ്ചായത്തിലെ ആറ്, ഏഴ്, 12, 13 വാർഡുകൾ ഭാഗികമായി ഉൾപ്പെട്ടു.

കല്ലുകയ്യലകൾ, മഴക്കുഴികൾ വൃക്ഷതൈ നടീൽ, അഗ്രോ ഫോറസ്ട്രി, കിണർ റീചാർജ്ജിംഗ് യൂണിറ്റുകൾ കൊളക്കാട്ടുകളും പുനരുദ്ധാരണം, പാർശ്വഭിത്തി സംരക്ഷണം എന്നി പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.ഈ പ്രവർത്തനങ്ങൾക്കായുള്ള എസ്റ്റിമേറ്റ് തുകയാണ്. 77.99 ലക്ഷം രൂപ.

പ്രളയാനന്തരം കാർഷിക മേഖലയുടെ ഉന്നമനത്തിനും കൃഷി വികസനത്തിലൂടെ കാർഷിക പൈതൃകം വീണ്ടെടുക്കുന്നതിനായി നബാർഡ് സാമ്പത്തിക സഹായത്തോടെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി വിനിയോഗിച്ച് ആർ ഐ ഡി എഫ് 25-ാം ഘട്ടത്തിൽ 34.65

കോടിയുടെ 33 മണ്ണ് ജല സംരക്ഷണ പദ്ധതികൾക്ക് നടപ്പ് സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചു. വിവിധ ജില്ലകളിലായി 18838 ഹെക്ടർ പ്രദേശത്ത് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ അവലംബിച്ച് പരിസ്ഥിതി പുനരുജ്ജീവനം സാധ്യമാക്കുവാനും പദ്ധതി നിർവ്വഹണത്തിലൂടെ ലക്ഷ്യമിടുന്നു. പദ്ധതി നിർവ്വഹണ വഴി പദ്ധതി പ്രദേശങ്ങളിലെ പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക ഭീഷണി നിയന്ത്രണ വിധേയമാക്കാനാവും നീർച്ചാലുകൾ സംരക്ഷിക്കുവാനും, അടിസ്ഥാന സൗകര്യ വികസനം വഴി മണ്ണൊലിപ്പ് തടയുവാനും ഭൂഗർഭ ജലിതാനം ഉയർത്തുവാനും കൃഷി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും സാധ്യമാകും.

കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിൽ നടന്ന പരിപാടിയിൽ 25 ഓളം കാർഷിക കാർഷികേതര പ്രദർശനങ്ങളും സംഘടിപ്പിച്ചിരുന്നു.

യു.ആർ.പ്രദീപ് എം.എൽ എ അധ്യക്ഷത വഹിച്ചു. മന്ത്രി വി.എസ് സുനിൽ കുമാർ കൊണ്ടാഴി നീർത്തടത്തിന്റെ മലയാള പരിഭാഷാ പകർപ്പ് കൊണ്ടാഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുലേഖാ പ്രദീപിന് കൈമാറി.

ജില്ലാ കളക്ടർ എസ്. ഷാനവാസ്, മണ്ണുപര്യവേക്ഷണ മണ്ണുസംരക്ഷണ വകുപ്പ് ഡയറക്ടർ എസ് അംബിക, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.കെ. ഉദയപ്രകാശ്, മണ്ണുസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ എസ്. ബിജു, ഉത്തരമേഖല ഡെപ്യൂട്ടി ഡയറക്ടർ ബേബി സുജാത,

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ, കൊണ്ടാഴി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സുലേഖ പ്രദീപ് തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർഐഡിഎഫ് 25 പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിൽ കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ നിർവ്വഹിക്കുന്നു***

# അഴീക്കോട് സീതി സാഹിബ് സ്കൂളിന് ഒരു കോടി രൂപയുടെ വികസനം: സർക്കാർ വക 50 ലക്ഷം അനുവദിച്ചു

അഴിക്കോട് സീതി സാഹിബ് ഹയർ സെക്കൻഡറി സ്കൂളിന് ഒരു കോടി രൂപയുടെ വികസനം. ഇതിനായി സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചു. സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ വികസന പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. ആദ്യപടിയായി 50 ലക്ഷം രൂപ ക്രഷറിൽ സ്കൂൾ അധികൃതർ അടക്കുകയും ചെയ്തു. എസ്റ്റിമേറ്റ് അംഗീകരിച്ചതിന് പുറമേയാണ് സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നത്.

2017-18 ലെ ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 45 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ചലഞ്ച് ഫണ്ട് രൂപീകരിക്കുന്നതായും അതിലേക്ക് 50 കോടി രൂപ വകയിരുത്തുന്നതായും ധനമന്ത്രി തോമസ് ഐസക് പ്രസ്താവിച്ചിരുന്നു. സ്കൂൾ മാനേജ്മെൻറ്കൾ അല്ലെങ്കിൽ സ്കൂൾ സംരക്ഷണ സമിതി സമാഹരിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുകയോ പരമാവധി 50 ലക്ഷം രൂപയോ ഇതിലേക്കായി സർക്കാർ നൽകുമെന്നും അദ്ദേഹം പറഞ്ഞിരുന്നു. നിർമ്മിക്കാൻ പോകുന്ന കെട്ടിടത്തിന്റെ പകുതി സർക്കാറും പകുതി സ്കൂൾ ഭാരവാഹികളും വഹിക്കുന്നതാണ് പദ്ധതി. ഇതിൻറെ അടിസ്ഥാനത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള സ ്കൂളുകളുടെ കെട്ടിടം നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിനെ അടിസ്ഥാനത്തിലാണ് സീതിസാഹിബ് സ്കൂളിന് തുക അനുവദിച്ചത്. സ്ഥലം എംഎൽഎ ശുപാർശ ചെയ്യുന്ന സ ്കൂളുകൾക്കാണ് ചലഞ്ച് ഫണ്ട് ലഭിക്കുന്നത്. വികസനപദ്ധതികൾ സാക്ഷാത്കരിക്കുന്നതോടുകൂടി തീരദേശത്തെ പാവപ്പെട്ട കുട്ടികൾക്ക് കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകാൻ കഴിയുമെന്ന പ്രത്യാശയാണ് തനിക്കുള്ളതെന്ന് എം എൽ എ ഇ ടി ടൈസൺ മാസ്റ്റർ പറഞ്ഞു. 1962ൽ കെ എം സീതിസാഹിബിന്റെ സ്മരണാർത്ഥം ആണ് സ്കൂൾ സ്ഥാപിക്കപ്പെടുന്നത്. ആദ്യഘട്ടത്തിൽ സ്ഥലപരിമിതി നിമിത്തം ഇന്നത്തെ അഴീക്കോട് ജെട്ടിയിലുള്ള ഇർഷാദുൽ മുസ്ലിമീൻ കോമ്പൗണ്ടിലായിരുന്നു സ്ഥാപനം പ്രവർത്തനമാരംഭിച്ചത്. പിന്നീട് അഴീക്കോട്ടെ ധനാഢ്യൻ ആയിരുന്ന ഹാജി ഇസ്മയിലിന്റെ കുടുംബമാണ് സ്കൂൾ ഇന്നു നിലനിൽക്കുന്ന സ്ഥലം ദാനം ചെയ്തത്. മൂന്ന് ഏക്കർ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്ന വിദ്യാലയം 2014-ലാണ് ഹയർ സെക്കൻഡറിയായി ഉയർത്തപെടുന്നത്.